**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4452** **18-03-2025 - ൽ മറുപടിയ്ക്ക്**

**മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ പിരിച്ചെടുക്കുന്ന പണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ പിരിച്ചെടുക്കുന്ന പണം കൈകാര്യം ചെയ്യുന്നതിന് ബിനാമി പേരിലുള്ള സ്ഥാപനങ്ങളെ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിനെതിരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (എ) | നിക്ഷേപങ്ങൾക്ക് റിസർവ്വ് ബാങ്കിന്റെ അംഗീകാരമുണ്ടെന്നും നിക്ഷേപങ്ങൾ സുരക്ഷിതമാണെന്നും പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിച്ച് Bharath Lajhna Multistate Housing Cooperative Society (BLMSHCS) എന്ന മൾട്ടി സ്റ്റേറ്റ് സഹകരണ സംഘത്തിന്റെ കണ്ണൂർ ബ്രാഞ്ച് ടി സംഘത്തിൽ അംഗങ്ങളല്ലാത്ത പൊതുജനങ്ങളിൽ നിന്നും നിക്ഷേപങ്ങൾ സ്വീകരിക്കുന്നതായുള്ള പരാതി 50-ാമത് സ്റ്റേറ്റ് ലെവൽ കോ-ഓഡിനേഷൻ കമ്മിറ്റി മീറ്റിംഗിന്റെ (50th SLCC Meeting) പരിഗണനയ്ക്ക് വരുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടി സംഘത്തിന്റെ കണ്ണൂരിലെ 4 ശാഖകളിൽ പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കിയിരുന്നു. ടി പരിശോധനാ റിപ്പോർട്ട് തൃപ്തികരമല്ലെന്ന് 58-ാമത് സ്റ്റേറ്റ് ലെവൽ കോ-ഓഡിനേഷൻ കമ്മിറ്റി മീറ്റിംഗിന്റെ (58th SLCC Meeting) ൽ പരാമർശം ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ ടി മൾട്ടിസ്റ്റേറ്റ് സംഘത്തിന്റെ കണ്ണൂരിലെ 7 ശാഖകളിൽ 2023 നവംബർ മാസത്തിൽ പരിശോധന നടത്തുകയും റിപ്പോർട്ട് 25.05.2024 -ൽ കേന്ദ്ര രജിസ്ട്രാരിനും, റിസർവ്വ് ബാങ്കിനും സമർപ്പിച്ചിട്ടുമുണ്ട്.<br><br>കൂടാതെ BLMSHC Society പിരിച്ചെടുക്കുന്ന പണം കൈകാര്യം ചെയ്യുന്നതിനായി ബിനാമി പേരിലുള്ള സ്ഥാപനങ്ങളെ ഉപയോഗിക്കുന്നതായും ടി സ്ഥാപനത്തിന്റെ പ്രവർത്തനം നിരീക്ഷിക്കേണ്ടത് അനിവാര്യമാണെന്നുമുള്ള പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ടി പരാതി സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് കോഴിക്കോട് ജോയിന്റ് രജിസ്ട്രാർ (ജനറൽ) ന് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>Indian Co-operative Credit Society Limited എന്ന മൾട്ടി സ്റ്റേറ്റ് സഹകരണ സംഘത്തിനെതിരെയുള്ള വിവിധ പരാതികൾ 50-ാമത് സ്റ്റേറ്റ് ലെവൽ കോ- |

ഓഡിനേഷൻ കമ്മിറ്റി മീറ്റിംഗിന്റെ പരിഗണനയ്ക്ക് വരുകയും ആയതിന്റെ അടിസ്ഥാനത്തിൽ പരിശോധന നടത്തി തൃശ്ശൂർ ജോയിന്റ് രജിസ്ട്രാർ (ജനറൽ) സമർപ്പിച്ച റിപ്പോർട്ട് റിസർവ്വ് ബാങ്കിനും സമർപ്പിച്ചിട്ടുള്ളതുമാണ്. ഇതേ വിഷയം സംബന്ധിച്ച് ടി സംഘത്തിനെതിരായി നിരവധി പരാതികൾ ലഭിച്ചിട്ടുള്ളതും ആയത് സംബന്ധിച്ച് പരിശോധന നടത്തുന്നതിന് ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

2002 ലെ മൾട്ടിസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ടിലെ വകുപ്പ് 108 പ്രകാരം മൾട്ടിസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ അക്കൗണ്ട് ബുക്കുകളും മറ്റ് പ്രവർത്തനങ്ങളും സംബന്ധിച്ച് പരിശോധന നടത്തുന്നതിനായി സംസ്ഥാനങ്ങളിലെയും കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും സഹകരണ സംഘം രജിസ്ട്രാർമാരെ ചുമതലപ്പെടുത്തിക്കൊണ്ട് കേന്ദ്ര സഹകരണസംഘം രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സഹകരണസംഘം രജിസ്ട്രാറിന് ടി സംഘങ്ങളിൽ പരിശോധന നടത്തുന്നതിന് അധികാരമുണ്ടെങ്കിലും ടി സംഘങ്ങളുടെ മേൽ നടപടി സ്വീകരിക്കുന്നതിന് അധികാരമില്ല.

മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളുടെ പ്രവർത്തന പരിധി ഒന്നിൽ കൂടുതൽ സംസ്ഥാനങ്ങളിലായതിനാൽ അവയുടെ പ്രവർത്തനം സംബന്ധിച്ച വ്യക്തമായ വിവരങ്ങൾ അവയുടെ സംസ്ഥാനത്തെ ശാഖകളിൽ നടത്തുന്ന പരിശോധനകളിൽ ലഭ്യമാവുകയില്ല. കൂടാതെ സംസ്ഥാനത്തിന് പുറത്ത് സ്ഥിതിചെയ്യുന്ന അവയുടെ ഹെഡ് ഓഫീസുകളിൽ പരിശോധന നടത്തുന്നതിന് സംസ്ഥാന സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് സാധിക്കുകയുമില്ല.

കേന്ദ്ര സർക്കാരിന്റെ വിജ്ഞാപന പ്രകാരം മൾട്ടി സ്റ്റേറ്റ് വായ്പാ/ വിവിധോദ്ദേശ സഹകരണ സംഘങ്ങൾ ആരംഭിക്കുന്നതിന് അതാത് സംസ്ഥാനങ്ങളിൽ നിന്നും എൻ.ഒ.സി ലഭ്യമാക്കേണ്ടതാണെന്നും നിലവിൽ പ്രവർത്തിക്കുന്ന സംഘങ്ങളുടെ പ്രവർത്തന പരിധി മറ്റ് സംസ്ഥാനങ്ങളിലോ കേന്ദ്ര ഭരണ പ്രദേശത്തോ വ്യാപിപ്പിക്കുന്നതിന് അതാത് സംസ്ഥാനങ്ങളിൽ നിന്നും എൻ.ഒ.സി ലഭ്യമാക്കണമെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു. ഒരു മൾട്ടിസ്റ്റേറ്റ് സഹകരണ സംഘം ശാഖകൾ ആരംഭിക്കുന്നതിനായി സംഘത്തിന്റെ

| | | | |
|---|---|---|---|
| | | | ഹെഡ് ആഫീസ് സ്ഥിതി ചെയ്യുന്ന സംസ്ഥാന സഹകരണ സംഘം രജിസ്ട്രാറിൽ നിന്നും, അംഗങ്ങളല്ലാത്തവരിൽ നിന്നും നിക്ഷേപം സ്വീകരിക്കുന്നില്ല എന്ന സർട്ടിഫിക്കറ്റ് ലഭ്യമാക്കണമെന്നും കേന്ദ്ര സഹകരണ സംഘം രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്. പുതിയ മൾട്ടി സ്റ്റേറ്റ് സഹകരണസംഘങ്ങൾ ആരംഭിക്കുന്നതിനും നിലവിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നവയ്ക്ക് സംസ്ഥാനത്ത് ശാഖകൾ ആരംഭിക്കുന്നതിനും സഹകരണ സംഘം രജിസ്ട്രാർ എൻ.ഒ.സി നൽകുന്നില്ല. |

സെക്ഷൻ ഓഫീസർ